**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2080** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ലോക കേരള സഭയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | നാടിന്റെ വികസനത്തിൽ നിർണായക പങ്ക് വഹിക്കുന്ന പ്രവാസികളെ ഭരണനിർവഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയ ആണ് ലോക കേരള സഭ. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദിയായാണ് ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്. ലോക കേരള സഭയുടെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നു. |
| (ബി) | നാളിതുവരെ എത്ര ലോക കേരള സഭകൾ കൂടിയിട്ടുണ്ടെന്നും ആയത് സമ്മേളിച്ചത് എവിടെയെല്ലാമായിരുന്നുവെന്നും ഓരോ സഭയ്ക്കും ചെലവായ തുക സഹിതം അറിയിക്കുമോ; | (ബി) | ലോക കേരള സഭയുടെ നാല് സമ്മേളനങ്ങളാണ് നാളിതുവരെ സംഘടിപ്പിച്ചിട്ടുള്ളത്. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ വെച്ചാണ് നാല് സമ്മേളനങ്ങളും ചേർന്നിട്ടുള്ളത്. ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861/- രൂപയും രണ്ടാം സമ്മേളനത്തിനായി 1,21,68,733/- രൂപയും മൂന്നാം സമ്മേളനത്തിനായി 1,14,49,533/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. നാലാം |

| | | | |
|---|---|---|---|
| | | | സമ്മേളനത്തിന് ചെലവായ തുക കണക്കാക്കിവരുന്നു. |
| (സി) | ലോക കേരള സഭയിലൂടെ പ്രവാസികൾ ഉന്നയിച്ച സുപ്രധാന ആവശ്യങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്നും വെളിപ്പെടുത്തുമോ; | (സി) | നൂറോളം രാജ്യങ്ങളിലെ പ്രവാസി മലയാളികളെ സർക്കാരുമായി ബന്ധിപ്പിക്കാൻ ലോക കേരള സഭയ്ക്ക് കഴിഞ്ഞു. അടിയന്തര രക്ഷാപ്രവർത്തനങ്ങളോ ഏകോപനങ്ങളോ നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ അതാത് രാജ്യങ്ങളിലുള്ള പ്രവാസി മലയാളികളിലേക്ക് അതിവേഗം എത്തിച്ചേരാനും സഹായമെത്തിക്കാനും ലോക കേരള സഭാ അംഗങ്ങളിലൂടെ സാധിക്കുന്നു. സർക്കാർ പ്രവാസികൾക്കായി നൽകുന്ന ക്ഷേമ പദ്ധതികൾ അർഹരായ പ്രവാസി മലയാളികളിലേക്ക് എത്തിക്കാൻ സാധിക്കുന്നു. കൂടാതെ, മലയാളി പ്രവാസികളുമായും സംഘടനകളുമായും നിരന്തര ആശയവിനിമയത്തിനുള്ള ഒരു സംവിധാനം രൂപപ്പെടുത്താനും സാധിച്ചു.<br><br>ലോക കേരള സഭയിൽ പ്രവാസികൾ ഉന്നയിച്ച വിഷയങ്ങളിൽ താഴെകാണുന്നവയിൽ നടപടി സ്വീകരിച്ചു.<br><br>1. കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്ട്. Reststop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br><br>2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>3. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ രൂപീകരിച്ചു. |

4. നൈപുണ്യ വികസനവുമായി ബന്ധപെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.

5. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) -ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS ൽ നടന്നുവരുന്നു.

6. പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം "ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

7.പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

8. പ്രവാസികളുടെ റവന്യൂ- സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട അപേക്ഷകളും പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ് പ്രവാസി മിത്രം പോർട്ടൽ ആരംഭിച്ചു.

9. മൂന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദേശങ്ങളിൽ ഒന്നായ കേരള മൈഗ്രേഷൻ സർവേ 2023 സംഘടിപ്പിച്ചു.

10 . ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന നിരന്തര നിർദേശം പരിഗണിച്ച് സർക്കാർ ‘ലോക കേരളം ഓൺലൈൻ’ എന്ന പോർട്ടൽ രൂപീകരിച്ചു.

11. പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായി സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി ആരംഭിച്ചു. വിദേശ മലയാളികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുക, ഉയർന്ന സാമ്പത്തിക ശേഷിയുള്ള വിദേശ ഇന്ത്യക്കാരിൽ നിന്നും കേരളത്തിൽ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുക, കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ബിസിനസ്സ് സംബന്ധമായ ആവശ്യങ്ങൾക്ക് വിദേശ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ പ്രവർത്തന സ്ഥലവും ഉപഭോക്താക്കളെ ബന്ധപ്പെടുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളൊടെ ആരംഭിച്ച പദ്ധതിയുടെ, ആദ്യഘട്ടമായി ദുബായിൽ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കേന്ദ്രത്തിൽ 10 സ്റ്റാർട്ടപ്പുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ബെൽജിയം സർക്കാർ അധീനതയിലുള്ള 'ഹബ്ബ് ബ്രസൽസ്' സൗജന്യമായി

| | | | |
|---|---|---|---|
| | | | നൽകിയ സ്ഥലത്ത് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ, ബെൽജിയം' ആരംഭിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെച്ച് പ്രാരംഭപ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ഡി) | ഇത്തരത്തിൽ ലോക കേരള സഭ നടത്തിയതുകൊണ്ട് പ്രവാസികൾക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ? | (ഡി) | നൂറോളം രാജ്യങ്ങളിലെ പ്രവാസി മലയാളികളെ സർക്കാരുമായി ബന്ധിപ്പിക്കാൻ ലോക കേരള സഭയ്ക്ക് കഴിഞ്ഞു. അടിയന്തര രക്ഷാപ്രവർത്തനങ്ങളോ ഏകോപനങ്ങളോ നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ അതാത് രാജ്യങ്ങളിലുള്ള പ്രവാസി മലയാളികളിലേക്ക് അതിവേഗം എത്തിച്ചേരാനും സഹായമെത്തിക്കാനും ലോക കേരള സഭാ അംഗങ്ങളിലൂടെ സാധിക്കുന്നു. സർക്കാർ പ്രവാസികൾക്കായി നൽകുന്ന ക്ഷേമ പദ്ധതികൾ അർഹരായ പ്രവാസി മലയാളികളിലേക്ക് എത്തിക്കാൻ സാധിക്കുന്നു. കൂടാതെ, മലയാളി പ്രവാസികളുമായും സംഘടനകളുമായും നിരന്തര ആശയവിനിമയത്തിനുള്ള ഒരു സംവിധാനം രൂപപ്പെടുത്താനും സാധിച്ചു.<br><br>ലോക കേരള സഭയിൽ പ്രവാസികൾ ഉന്നയിച്ച വിഷയങ്ങളിൽ താഴെകാണുന്നവയിൽ നടപടി സ്വീകരിച്ചു.<br><br>1. കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്റ്റ്. Reststop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br><br>2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>3. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം |

നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ രൂപീകരിച്ചു.

4. നൈപുണ്യ വികസനവുമായി ബന്ധപെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.

5. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) -ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS ൽ നടന്നുവരുന്നു.

6. പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം "ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

7.പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

8. പ്രവാസികളുടെ റവന്യൂ- സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട അപേക്ഷകളും പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ് പ്രവാസി മിത്രം പോർട്ടൽ ആരംഭിച്ചു.

9. മൂന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദേശങ്ങളിൽ ഒന്നായ കേരള മൈഗ്രേഷൻ സർവേ 2023 സംഘടിപ്പിച്ചു.

10 . ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന നിരന്തര നിർദേശം പരിഗണിച്ച് സർക്കാർ ‘ലോക കേരളം ഓൺലൈൻ’ എന്ന പോർട്ടൽ രൂപീകരിച്ചു.

11. പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായി സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി ആരംഭിച്ചു. വിദേശ മലയാളികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുക, ഉയർന്ന സാമ്പത്തിക ശേഷിയുള്ള വിദേശ ഇന്ത്യക്കാരിൽ നിന്നും കേരളത്തിൽ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുക, കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ബിസിനസ്സ് സംബന്ധമായ ആവശ്യങ്ങൾക്ക് വിദേശ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ പ്രവർത്തന സ്ഥലവും ഉപഭോക്താക്കളെ ബന്ധപ്പെടുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയുടെ, ആദ്യഘട്ടമായി ദുബായിൽ

| | | | |
|---|---|---|---|
| | | | കേന്ദ്രം പ്രവർത്തനമാരംഭിച്ചു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കേന്ദ്രത്തിൽ 10 സ്റ്റാർട്ടപ്പുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ബെൽജിയം സർക്കാർ അധീനതയിലുള്ള 'ഹബ്ബ് ബ്രസൽസ്' സൗജന്യമായി നൽകിയ സ്ഥലത്ത് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ, ബെൽജിയം' ആരംഭിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെച്ച് പ്രാരംഭപ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ